ണെന്ന് ഗവണ്മെൻറ് ഇതിനുമുൻപു പറയുകയുണ്ടായി. അതനുസരിച്ച് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. P. T. CHACKO : കമ്പൽസറി ഏരിയായിലുള്ള പ്രൈവറ്റ് സ്കൂളുകൾ ഗവണ്മെൻറിലേക്ക് വിട്ടുകൊടുക്കണമെന്നും മറ്റും ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചുവെന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : അതു മൂന്നു കൊല്ലത്തിനു മുൻപാണ്.

MR. P. T. CHACKO : അക്കാലത്ത് ഈ ഉത്തരവിനെ സംബന്ധിച്ച് ഇന്നധികാരത്തിൽ ഇരിക്കുന്ന കക്ഷിക്കു പ്രതിഷേധമുണ്ടായിരുന്നുവെന്ന വസ്തുത ഗവണ്മെൻറിനറിയാമോ ?

Re: Mr. Vasudevan Nair, Contractor, Perunchani Scheme.

551. MR. R. K. RAM (*Agasteeswaram—General*) :

கனம் மராமத்து மந்திரி கீழ்வரும் வினாக்களுக்கு தயவாக விடையளிப்பாரா ?

(அ) பெருஞ்சாணி அணை சம்பந்தப்பட்ட வாசுதேவன் நாயர் என்ற கண்ட்ராக்டர் (Contractor) கொடுத்த ரூ. 4000 பில்லை, தற்போதைய எக்ஸிகூட்டிவ் என்ஜினீயர் சங்கரதன் ரூ. 400 ஆக குறைக்கக் காரணமென்ன ?

(ஆ) இவ்விதம், கழிந்த காலத்தில் கள்ள பில் எழுதி சர்க்கார் பணத்தை அபகரித்த கண்ட்ராக்டர் மீது என்ன நடவடி எடுக்கப்பட்டிருக்கிறது ?

HON'BLE MR. A. ATCHUTHAN : (a) No such incident as referred to has taken place.

(b) Does not arise.

Travancore Bank.

552. MR. T. K. NARAYANA PILLAI. (*Parur II—General*): Will the Honourable Minister for Finance be pleased to state whether any amount has been deposited by Government in the Travancore Bank, the actual amount that has been thus deposited and the terms of such deposit ?

HON'BLE MR. A. THANU PILLAI : Government have a current account and short term fixed deposits of Rs. 50 lakhs.

മത്സ്യത്തൊഴിലാളികൾ.

553. MR. ALBERT LOPEZ (*Neyyattinkara II—Latin Catholic Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തെക്കൻതിരുവിതാംകൂറിലെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് താമസിക്കുന്നതിന് ഭവനം ഇല്ലാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Albert Lopez.]

തേയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലായ്മയും വിഷമിക്കുന്ന വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE Mr. K. M. KORAH : തെക്കൻതിരുവിതാംകൂറ് ലെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് താമസിക്കുന്നതിനു ഭവനം ഇല്ലാതെയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലാതെയും പ്രയാസമനുഭവിക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ട്. അവർക്ക് ഏതെങ്കിലും രണ്ടുമൂന്നു തീരപ്രദേശങ്ങളിൽ പൊതുവായ വിധത്തിൽ മാതൃകാപരമായി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനു ശ്രമിക്കാം.

MR. P. KUNJUKRISHNAN (*Quilon II—General*) : കൊല്ലം കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും താമസസൌകര്യം ഇപ്രകാരമുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അവിടെയും ഈ അസൌകര്യം ഉണ്ടെന്നറിയാം. അതു് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

MR. PONNARA G. SRIDHAR : തിരുവിതാംകൂർ മുട്ടാകെത്തന്നെ ഈ ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാമോ?

HON'BLE MR. K. M. KORAH : പക്ഷെ അതു് മത്സ്യത്തൊഴിലാളികൾക്കാണ് ക്ലേശമനുഭവിക്കുന്നതു്.

ബാലന്മാർക്കുള്ള സ്കൂളുകളിൽ ബാലികമാരെ ചേർക്കുന്നതിനെ സംബന്ധിച്ചു്.

554. MR. RAPHAL J. RODRIGUEZ (*Quilon IV—Latin Catholic Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലന്മാർക്കുള്ള സ്കൂളുകളിൽ ഫോർത്തുഫാറംമുതൽ മേലോട്ടുള്ള ക്ലാസുകളിൽ ബാലികമാരെ ചേർക്കുന്നതിൽ തത്പരരായി വിസമ്മതമുള്ള പ്രൈവറ്റുസ്കൂൾ ഉടമസ്ഥന്മാർ ഉണ്ടെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly